# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *236 — 06.02.2018-ൽ മറുപടിക്ക്

## ഗോത്രരശ്മി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം<br>,, സി.കെ. ശശീന്ദ്രൻ<br>,, ഒ.ആർ. കേളു<br>,, കാരാട്ട് റസാഖ്: | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വിവിധ പട്ടിക ഗോത്രവർഗ്ഗ മേഖലകളിൽ ചികിത്സാ സൗകര്യത്തിന്റെ അഭാവം കൊണ്ടും യഥാസമയം ചികിത്സ തേടാൻ സാധിക്കാത്തതുകൊണ്ടും മരണനിരക്ക് വർദ്ധിച്ചിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ സൗകര്യം ഉറപ്പു വരുത്തുന്നതിനായി സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുത്ത മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായുള്ള ജനനീജന്മരക്ഷാ പദ്ധതി, പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് സമാശ്വാസ ധനസഹായം നൽകി വരുന്ന പദ്ധതി എന്നിവ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും HLL (Hindustan Life Care Limited), KMSCL (Kerala Medical Services Corporation Limited) എന്നിവ മുഖേനയുള്ളതുമായ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 5 ഒ.പി. ക്ലിനിക്കുകൾ, 17 ആയുർവേദ ഡിസ്പെൻസറികൾ, ഒരു ആയുർവേദ ആശുപത്രി, 4 മിഡ് വൈഫറി സെന്ററുകൾ എന്നിവ മുഖേനയും ചികിത്സ ഉറപ്പു വരുത്തുന്നു. ഹെൽത്ത് പ്രൊമോട്ടർമാരും പട്ടികവർഗ്ഗ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നതിനായി നിയോഗിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതല ഓഫീസുകളുടെ നിയന്ത്രണത്തിൽ 6 ആംബുലൻസുകളും ഉപയോഗിക്കപ്പെടുന്നുണ്ട്. |
| ബി) | സർക്കാർ പുതുതായി പ്രഖ്യാപിച്ച ഗോത്രരശ്മി പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | ബി) | • സംസ്ഥാനത്തെ ആദിവാസി ഗോത്ര വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനായി സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പ് |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് 'ഗോത്രരശ്മി'. ഗോത്ര സമൂഹത്തിനകത്ത് നേതൃത്വശേഷി ഉയർത്തി ശക്തമായ ഇടപെടലിലൂടെ സമഗ്ര വികസനത്തിലേക്ക് നയിക്കുന്നതിനായാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.<br>• പദ്ധതിയുടെ ആദ്യഘട്ടം ഇടുക്കി ജില്ലയിൽ ഹിൽപ്പുലയ, മുതുവാൻ, മന്നാൻ, പളിയർ, ഊരാളി ഗോത്ര സമൂഹങ്ങളിൽ നടപ്പിലാക്കും.<br>• ടി പദ്ധതിക്കായി 41.71 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 'വിവ' എന്ന കൾച്ചറൽ ഡവലപ്മെന്റ് ഓർഗനൈസേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.<br>• ആരോഗ്യപ്രശ്നങ്ങൾ, വിദ്യാഭ്യാസ സാമൂഹ്യപിന്നോക്കാവസ്ഥ, സംരംഭകത്വ മില്ലായ്മ എന്നിവ പരിഹരിക്കാനുള്ള പരിശീലനം, സ്ത്രീശാക്തീകരണം, സ്ത്രീ-ശിശു സൗഹൃദ, പരിസ്ഥിതി സൗഹൃദ - ലഹരി രഹിത ഗോത്രം സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അടങ്ങുന്നതാണ് പദ്ധതി.<br>• ഓരോ ആദിവാസി വിഭാഗത്തിൽ നിന്നും 50 വോളണ്ടിയർമാരെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കാൻ ആവശ്യമായ റിസോഴ്സ് ടീം പരിശീലനം നൽകും.<br>• നയരൂപീകരണ പ്രക്രിയയിലേക്ക് കടന്നു വരാൻ താല്പര്യമുള്ള 100 പേരെ കണ്ടെത്തി വിവിധ വിഷയങ്ങളിൽ പരിശീലനം നൽകും.<br>• സ്ത്രീ - ശിശു സുരക്ഷയ്ക്ക് പഞ്ചായത്തുതല ജാഗ്രതാസമിതികൾ വാർഡുതലത്തിൽ പ്രവർത്തനക്ഷമമാകും.<br>• വിമുക്തി പദ്ധതിയുമായി സഹകരിച്ച് ലഹരി രഹിത ഊരുകൾ സൃഷ്ടിക്കും.<br>• ജൈവ കാർഷിക പ്രവർത്തനം സജീവമാക്കാൻ ഓർഗാനിക് തിയേറ്റർ 5 ഊരുകളിൽ നടപ്പാക്കും.<br>• സമഗ്ര ആരോഗ്യ കാഴ്ചപ്പാടിന് രൂപം നൽകും.<br>• മതനിരപേക്ഷ സാംസ്കാരിക കൂട്ടായ്മകൾ സംഘടിപ്പിക്കും. |

| | | | |
|---|---|---|---|
| | | | • ഋതുക്കൾക്കനുസരിച്ച് ഗോത്രവിഭാഗങ്ങൾക്കിടയിലുള്ള കലകൾ, ആഘോഷം, കൃഷി, ഭക്ഷണം, കളികൾ തുടങ്ങി ആദിവാസി വിഭാഗങ്ങൾക്കിടയിലെ വൈവിധ്യമാർന്ന സാംസ്കാരിക ഉറവിടങ്ങൾ കണ്ടെത്തുന്നതിനും പൊതു സമൂഹത്തിന് പകർന്നു നൽകുന്നതിനും വേണ്ടി പരിശീലനം സിദ്ധിച്ച റിസോഴ്സ് ടീം 'ഋതുകാലസഞ്ചാര പഠനം' നടത്തും.<br>• പദ്ധതിയുടെ ആദ്യഘട്ടം ഇടുക്കി ജില്ലയിൽ ഹിൽപ്പുലയ, മുതുവാൻ, മന്നാൻ, പളിയർ, ഊരാളി ഗോത്രസമൂഹങ്ങളിൽ ഗോത്രരശ്മി ഗ്രൂപ്പുകൾ ഉണ്ടാക്കും.<br>• ഇവ കലകളുടെ സാംസ്കാരിക ജൈവ ഐക്യവേദിയായി വളർന്ന്, സാംസ്കാരിക ഇടപെടലിലൂടെ ആദിവാസി വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പ്രാപ്തരാകുന്ന, മാനവികത നഷ്ടപ്പെട്ടു പോകുന്നവർക്ക് പ്രചോദനം പകരുന്ന ആരോഗ്യമുള്ള ഒരു ഗോത്രസമൂഹ മാതൃക ഇടുക്കിയിൽ സൃഷ്ടിക്കുന്നതിനാണ് പട്ടിക വർഗ്ഗ വികസന വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. |
| സി) | പ്രസ്തുത പദ്ധതി ആരോഗ്യ പ്രശ്നങ്ങളുൾപ്പെടെയുള്ള സാമൂഹ്യ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കാൻ ലക്ഷ്യമിട്ടുന്നുണ്ടോ; ഏതൊക്കെ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | സി) | പട്ടിക വർഗ്ഗക്കാരുടെ ആരോഗ്യ പ്രശ്നങ്ങളുൾപ്പെടെയുള്ള സാമൂഹ്യ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ ഇടുക്കി ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

[signature]

**സെക്ഷൻ ഓഫീസർ**